**കേരള സർക്കാർ**

സംഗ്രഹം

രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ന്റെ പേരിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിലെ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **497/2018/ധന.** തിരുവനന്തപുരം, തീയതി **20.01.2018**

പരാമർശം - 1. സ.ഉ. (സാധാ) നം. 9348/2017/ധന. തീയതി 15.12.2017
2. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ(ലൈസൻസിംഗ്)-ന്റെ 16.12.2017 ലെ ഐ.ജി.ആർ/10792/2017-എൽ.1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആധാരം തയ്യാറാക്കൽ ലൈസൻസ് പരീക്ഷയ്ക്ക് അനുവദിച്ച 15,00,000/- രൂപ നിക്ഷേപിക്കുന്നതിലേക്കായി രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ന്റെ പേരിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ 15.01.2018 വരെ മാത്രം കാലാവധിയുള്ള ഒരു സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. ആധാരം തയ്യാറാക്കൽ ലൈസൻസ് പരീക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ 15.01.2018 തീയതിയ്ക്കകം അവസാനിക്കുന്നതല്ലെന്നും, ഉത്തരക്കടലാസുകളുടെ മൂല്യ നിർണ്ണയം നടത്തുന്നവർക്കുള്ള വേതനം നൽകൽ, മൂല്യ നിർണ്ണയം നടത്തി ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ 30 ദിവസം കഴിഞ്ഞ് നടക്കുന്ന പുനർമൂല്യ നിർണ്ണയം നടത്തുന്നവർക്കുള്ള വേതനം നൽകൽ തുടങ്ങിയ ചെലവുകൾ 2018 മാർച്ച് മാസം വരെ നീണ്ടുപോകാൻ സാധ്യത ഉള്ളതിനാലും സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ കാലാവധി 31.03.2018 വരേക്ക് ദീർഘിപ്പിച്ചുനൽകണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) ന്റെ പേരിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നിലവിലുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി 31.03.2018 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്), തിരുവനന്തപുരം
അഡീഷണൽ സബ് ട്രഷറി ഓഫീസർ, വഞ്ചിയൂർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ